(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തിയ വർഷവും ചെലവായ തുകയും ചുവടെ ചേർക്കുന്നു :

SL.No.	വർഷം	ചെലവായ തുക
1	2007	1,23,000
2	2007	2,45,000
3	2009	29,84,925
4	2010	1,24,787

പേരിയ-അയനിക്കൽ പ്രദേശത്തേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

175 (1903) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പേരിയ-അയനിക്കൽ പ്രദേശത്തേക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് അടിയന്തരമായി തുടങ്ങുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പേരിയ-അയനിക്കൽ പ്രദേശത്തേക്ക് സർവ്വീസ് തുടങ്ങുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്. സാധ്യതാ പഠനവും നടത്തിയിട്ടുണ്ട്. എന്നാൽ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സർവ്വീസ് ആരംഭിക്കുന്നതിന് അനുമതി നൽകുവാൻ കഴിയുകയുള്ളു.

ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ

176 (1904) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത വകുപ്പിന് കീഴിലുള്ള ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കേളേജിൽ ഇപ്പോൾ ഏതൊക്കെ കോഴ്സുകളിലായി എത്ര വീതം സീറ്റുകളാണ് നിലവിലുള്ളത് ;

(ബി) കഴിഞ്ഞ വർഷം എല്ലാ സീറ്റിലും വിദ്യാർത്ഥികൾ അഡ്മിഷൻ എടുത്തിരുന്നോ ; ഇല്ലെങ്കിൽ എത്ര സീറ്റുകളാണ് ഒഴിഞ്ഞുകിടന്നിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.യിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കായി എത്ര സീറ്റുകൾ വീതമാണ് നീക്കിവെച്ചിരുന്നത് ; അപ്രകാരമുള്ള സീറ്റുകളിൽ കാട്ട നികത്തി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയിരുന്നോ എന്നും, ഇല്ലെങ്കിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടന്നു എന്നും, എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗതാഗതവകുപ്പിന് കീഴിലുള്ള ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ താഴെ പറയുന്ന കോഴ്സുകളും സീറ്റുകളുമാണ് നിലവിലുള്ളത്. അനുവദിച്ചിട്ടുള്ള സീറ്റുകളുടെ 10% സീറ്റുകൾ AICTE Tuition Fee Waiver Scheme-ലും(TFWS), 10% Lateral Entry (L.E) Scheme-ലും (III Semester) അധിക സീറ്റുകളായും ഉണ്ട്.

ക്രമ നമ്പർ	കോഴ്സ്	അനുവദിച്ചത്	TFWS	LE
1.	ബി.ടെക് 120 ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്	12	12	
2.	ബി.ടെക് കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്	60	6	6
3.	ബി.ടെക്60 മെക്കാനിക്കൽ എഞ്ചിനീയറിംഗ്.	6	6	
4.	ബി.ടെക് മെക്കാനിക്കൽ (ആട്ടോ മൊബൈൽ) എഞ്ചിനീയറിംഗ്	60	6	6
5.	ബി.ടെക് മെക്കാനിക്കൽ (പ്രൊഡക്ഷൻ) എഞ്ചിനീയറിംഗ്.	60	6	6
6.	ബി.ടെക് ബയോടെക്നോളജി & ബയോകെമിക്കൽ എഞ്ചിനീയറിംഗ്	60	6	...
7.	എം.ടെക് മെഷീൻ ഡിസൈൻ	18	...	...
8.	എം.ടെക് കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്	18	...	...

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2010-11 അദ്ധ്യയനവർഷത്തിൽ ബയോടെക്നോളജി & ബയോ കെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ 21 സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നു.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മക്കൾക്കായി 10 ശതമാനം സീറ്റാണ് സംവരണം ചെയ്തിരിക്കുന്നത്. അപ്രകാരമുള്ള സംവരണ സീറ്റുകളിൽ അഡ്മിഷൻ നൽകുകയും ബയോടെക്നോളജി & ബയോ കെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ഒഴിവുവന്ന ഒരു സീറ്റ് കെ.എസ്.ആർ.ടി.സി. റാങ്ക് ലിസ്റ്റിലുള്ള എല്ലാ വിദ്യാർത്ഥികളെയും ടെലിഫോണിൽ അറിയിച്ചിട്ടും ആവശ്യക്കാരില്ലാതിരുന്നതിനാൽ നികത്താനാകാതെ വരുകയും ആ സീറ്റ് നിലവിൽ ഒഴിഞ്ഞുകിടക്കുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് നടപടി

177 (1905) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിലെ റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാരുടെ പെൻഷൻ മാസാദ്യം നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്കും പെൻഷൻകാർക്കും ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻകാരുടെ പെൻഷൻ നൽകുന്നതിന് ഓരോ മാസവും എത്ര രൂപ കടം എടുക്കേണ്ടിവരുന്നു എന്ന് വ്യക്തമാക്കുമോ ; എങ്കിൽ എവിടെനിന്നൊക്കെയാണ് കടം എടുക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ വന്നിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി.യിൽ വരുമാനവും ചെലവും തമ്മിൽ ഗണ്യമായ അന്തരമുള്ളതിനാൽ ശമ്പളം കൊടുക്കുന്നതിനും കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് ലോൺ എടുക്കേണ്ട അവസ്ഥയാണ്. ശമ്പളം നൽകുന്നതിന് മാസത്തിന്റെ അവസാന ദിവസം കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും ലോൺ എടുക്കുന്നതിനാൽ പിറ്റേ മാസം ആദ്യവാരം തന്നെ പെൻഷൻ കൊടുക്കുന്നതിന് കെ.എസ്.ആർ.ടി.സി. യുടെ അക്കൗണ്ടിൽ വേണ്ടത്ര പണമുണ്ടാകുകയില്ല എന്നുമാത്രമല്ല കെ.റ്റി.എഫ്.സി.യിൽ നിന്നും മാസത്തിന്റെ ആദ്യവാരം വേണ്ടത്ര ലോൺ ലഭിക്കുകയില്ല. ഈ സാഹചര്യം നിലനിൽക്കെ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly